കൃഷി ഡറക്ടറേറ്റ്,

നം: എസ് എ(1) 15691/2012 തിരുവനന്തപുരം, തീയതി, 22/10/2012.

# സർക്കുലർ

വിഷയം ::- കൃഷി-എസ്റ്റാ- സർക്കാർ-സർവ്വീസിലുള്ള ജീവനക്കാരുടെ ജനനത്തീയതി സേവനപുസ്തകത്തിൽ തിരുത്തൽ വരുത്തുന്നതിനുള്ള നിബന്ധന പാലിക്കണമെന്നുള്ള നിർദ്ദേശം നല്കികൊള്ളുന്നു.

സൂചന ::- ഗവ:ഉത്തരവ് 45/91/P&ARD തീയതി, 30/12/1991.

സർക്കാർ സർവ്വീസിലിരിക്കുന്ന ജീവനക്കാരുടെ സേവനപുസ്തകത്തിലെ ജനനത്തീയതി തിരുത്തുവാനുള്ള അനുമതി സർക്കാരിൽ നിന്നും വാങ്ങിയിരിക്കണമെന്നും, ഇതു സംബന്ധിച്ചുള്ള നിബന്ധനകൾ പാലിക്കണമെന്നുള്ള നിർദ്ദേശങ്ങൾ നിലവിലിരിക്കെ ചില മേലുദ്യോഗസ്ഥർ അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ ജനനതീയതി സേവനപുസ്തകത്തിൽ തിരുത്തി നല്കിയതായും , പിന്നീട് ആയത് റദ്ദ് ചെയ്ത ഉത്തരവാകേണ്ടി വന്നതായും അച്ചടക്ക നടപടിയ്ക്ക് വിധേയമാകേണ്ടി വരുന്നതായും കൃഷി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ ഓഫീസ് മേലധികാരികൾ, നിയമനാധികാരിയായ ജില്ലാ കൃഷി ഓഫീസർ, വകുപ്പുതലവനായ കൃഷി ഡയറക്ടർ, സർക്കാർ എന്നിവർ അറിയാതെ സർവ്വീസ് പുസ്തകത്തിൽ നടത്തുന്ന തിരുത്തൽ നടപടി അത്യന്തം ഗുരുതരമായ അച്ചടക്ക ലംഘനമായി കരുതുന്നതാകയാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഈ വിഷയത്തിൽ നല്കി കൊള്ളുന്നു.

സർക്കാർ ഉദ്യോഗസ്ഥരുടെ ജനന തീയതി സേവനപുസ്തകത്തിൽ തിരുത്തി കിട്ടുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥർ സേവനത്തിൽ പ്രവേശിച്ച് അഞ്ചു വർഷത്തിനുള്ളിൽ ആയതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരിക്കേണ്ടതാണ്. ജനന തീയതി തിരുത്തി കിട്ടുന്നതിന് പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും നല്കുന്ന അനുമതി മാത്രം പോരായെന്നും , അതു മാത്രം വച്ച് തിരുത്തൽ വരുത്തിയാൽ ആയതിന് അംഗീകാരമോ, നിയമസാധുതയോ ഇല്ലായെന്നും ഓർമ്മപ്പെടുത്തി കൊള്ളുന്നു.

ഒരു സർക്കാർ ഉദ്യോഗസ്ഥന് ടിയാളുടെ സേവന പുസ്തകത്തിൽ ജനന തീയതി തിരുത്തി കിട്ടുന്നതിന് സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ എല്ലാം പാലിച്ച് പരീക്ഷാ കമ്മീഷണറിൽ നിന്നും അനുമതി നേടിയതിനുശേഷം , സർവ്വീസ് പുസ്തകത്തിൽ ജനന തീയതി തിരുത്തി കിട്ടുവാനുള്ള അനുമതിയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ജോലി നോക്കുന്ന ഓഫീസ് മേലധികാരി മുഖേന ജില്ലാതല നിയമനാധികാരി, കൃഷി ഡയറക്ടർ എന്നിവർ വഴി പ്രത്യേകം പ്രൊപ്പോസൽ ഗവണ്മെന്റിലേയ്ക്ക് സമർപ്പിച്ചിരിക്കേണ്ടതും , സർക്കാർ അനുമതിയോടുകൂടി മാത്രം തിരുത്തൽ വരുത്തേണ്ടതുമാണ്.

മേല്പറഞ്ഞ നിബന്ധനകൾക്ക് വിരുദ്ധമായിട്ടുള്ള നടപടികൾ സ്വീകരിച്ച് സേവനപുസ്തകത്തിൽ ജനന തീയതി തിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ ആയതിന് ഉത്തരവാദിയായ ഓഫീസ് മേലധികാരിയുടെ മേൽ കെ എസ് & എസ് എസ് ആർ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും. കൂടാതെ ഇതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുക്കൾക്ക് ഉത്തരവാദി പ്രസ്തുത ഉദ്യോഗസ്ഥൻ മാത്രമായിരിക്കുമെന്നും ഓർമ്മപ്പെടുത്തി കൊള്ളുന്നു.

ഇത് സംബന്ധിച്ചുള്ള വിശദീകരണം നല്കിയിരിക്കുന്ന ഗവണ്മെന്റ് ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും അവരുടെ കീഴിലുള്ള ഓഫീസർമാരുടെയും , കീഴ് ഓഫീസ് മേലധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

ഈ സർക്കുലർ കൈപ്പറ്റിയതായിട്ടുള്ള കൈപ്പറ്റ് രസീത് ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്.

ഒപ്പ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ റ്റി സെൽ- വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസ് തലവന്മാർക്കും
കോപ്പി ::-കൃഷി ഡയറക്ടറാഫീസിലെ എല്ലാ ഓഫീസർമാർക്കും അറിവിനായി
,, സ്റ്റോക്ക് ഫയൽ / കൃഷി ഡയറക്ടറുടെ സി എ യ്ക്ക്
,, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി എയ്ക്ക്

22/x/12

ജൂനിയർ സൂപ്രണ്ട്

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

വികെ 25102012

# GOVERNMENT OF KERALA

## ABSTRACT

PUBLIC SERVICES - CORRECTION OF DATE OF BIRTH IN THE SERVICE BOOKS - REVISED - ORDERS ISSUED

## PERSONNEL & ADMINISTRATIVE REFORMS (ADVICE C) DEPARTMENT

GO(P) No.45/91/P&ARD. Dated, Thiruvananthapuram 30-12-1991

Read:-
1. Circular No.11980/SC3/87/P&ARD dt. 3-12-1987
2. Circular No.6664/ADV.C3/88/P&ARD/ dt. 24-10-88
3. GO(P) No.26/91/P&ARD dt. 27-8-1991

## ORDER

According to the existing orders, a Government employee can apply for correction of date of birth entered in his Service book upto the period beyond two years preceeding his retirement reckoned with reference to the date of birth as originally entered in the Service Book.

2. Government feel that the growing tendency on the part of Government employees to get date of birth corrected when they are about to retire has to be discouraged. They have therefore reviewed the entire matter with due regard to the system followed in the case of Central Government employees. Normally, the need for correction should not arise at all once one's date of birth is entered in the Service Book because it is the date furnished by him for selection to the post and it is again based on the proof therefore furnished by the employee himself that the entry is made. One realise his date of birth on a number of occasions in his life the moment he gets his SSLC or secures extract from school Admission Register, applies for higher studies or furnishes the date of birth in the very application that leads to his entry in Government service. Thus one's date of birth is entered in his Service Book after full realisation thereof by that individual, over a reasonably long period. The employee also signs the Service Book and thus gets and opportunity to verify whether the date is correctly entered in his Service Book. There is therefore no rationable in allowing a correction at all.

3. Still an opportunity can be granted during the initial periods of one's Service to make corrections in bona fide cases. Government are pleased to adopt the system followed by Government of India in this mat-

ter. They accordingly order in the modification of the existing orders that applic ons for correction of date of birth if any needed in the case of a Government employee shall hereafter be made within five years of one's entry in service. In the case of those who have already crossed this limit, one year time from the date of this order shall be allowed, provided they apply beyond the two year preceding retirement, reckoned with reference to the date of birth as recorded in the Service Book. The applications for correction of date of birth in Service Book shall be submitted to Government in the Administrative Department concerned, through proper channel.

4. The conditions that such applicatio the case of those who have attended a School, shall be supported by attested copies of SSLC/SSC Book or extract of School record as corrected and that mere correction of date of birth in the School record does not entitle the employee consequential correction of date of birth in Service Book will remain unchanged. Each case will be considered by Government on merits and orders passed.

5. Applications for condonation of delay and for entertainment of applications in relaxation of the condition regarding time limit shall be summarily rejected.

6. Heads of Departments/Offices shall circulate this order to employees.

7. Appointment orders issued in future should also mention the time limit provision as per this order for correction of date of birth so that new entrants to service should not complain later that they were not aware of this provision.

(By order of the Governor)

P. SHANMUGASUNDARAM
Commissioner & Secretary to Government